ശ്രീ ടി. എ. മജീദ്: നാളെ പറഞ്ഞാൽ മതി. പക്ഷെ ഒരു കാര്യം പറയാനുണ്ട്. സർക്കിൾ ഇൻസ്പെക്ടറുടെ കഠോരമായ അനാസ്ഥനിമിത്തം സംഘർഷം കൂടുതലുണ്ടാകാൻ ഇടയുള്ളതുകൊണ്ട് അതു് ഉടനടി തടയണം. തുടർന്നു സസ്പെൻസ് നടത്തിയില്ലെങ്കിൽ സ്ഥിതിഗതികൾ കൂടുതൽ മോശമാകാൻ ഇടയുള്ളതുകൊണ്ട് മന്ത്രി ഇടപെട്ട് സസ്പെൻസ് ഉടൻ പുനഃസ്ഥാപിക്കണം. ആളുകളുടെ പേരിൽ കൃത്രിമക്കേസുകൾ ചമയ്ക്കാൻ ശ്രമിച്ചു വരികയാണു്. അങ്ങനെ കൃത്രിമമായി കേസുകളുണ്ടാക്കുന്നതു തടയുകയും വേണം.

ശ്രീ. കെ. കരുണാകരൻ: ഒരു കാര്യം കൂടി അന്വേഷിച്ചാൽ കൊള്ളാം. വിദ്യാർത്ഥികളെ ലോക്കപ്പിലിട്ട് തല്ലിയിട്ടുണ്ട്. അവരെ മർദ്ദിച്ചു് അവശരാക്കിത്തീർത്തിട്ടുള്ളതായി അറിയുന്നു. അതിനെപ്പറ്റിയും അന്വേഷിക്കണം.

ശ്രീ. എം. ഹക്കിംജി: സമാധാനപരമായി സമരത്തിനു നേതൃത്വംകൊടുത്തുകൊണ്ടിരുന്ന നേതാക്കളെ സർക്കിൾ ഇൻസ്പെക്ടർ അറസ്റ്റു ചെയ്തതാണു് കുഴപ്പത്തിനു കാരണം. പ്രകോപനപരമായ അവസ്ഥാവിശേഷം ഉണ്ടാക്കിയ സർക്കിൾ ഇൻസ്പെക്ടറുടെ വിവേകരഹിതമായ പെരുമാറ്റത്തിന്റെ ഫലമാണിതെന്നു മനസ്സിലാക്കുമോ ?

ശ്രീമതി കെ. ആർ. ഗൗരി: കിട്ടിയ റിപ്പോർട്ട് മുഴുവൻ ഞാൻ വായിച്ചിട്ടില്ല. രാവിലെ പത്രത്തിൽ ഈ വിവരം കണ്ടു. ശ്രീ. എം. കെ. കൃഷ്ണനു് സുഖമില്ല. അതുകൊണ്ട് ഇത്രയും കാര്യങ്ങൾ മനസ്സിലാക്കിയതാണു്, കൂടുതലായി ഇതേപ്പറ്റി അന്വേഷിക്കാം. ഐ. ജി. യെ വിളിച്ചു് അന്വേഷിച്ചു് പറയാം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: പുനരാരംഭിക്കുന്ന ബസ്സു് വീണ്ടും തല്ലിപ്പൊളിക്കാൻ ഇടയാക്കാത്ത വിധത്തിലും നടപടി സ്വീകരിക്കണം.

ശ്രീ. ടി. എ. മജീദ്: നാട്ടുകാരെ തല്ലുന്നതിൽ തെറ്റൊന്നുമില്ലേ? നാട്ടുകാരെ തല്ലാതിരിക്കുകയും വേണം.

ഡെപ്യൂട്ടി സ്പീക്കർ: ആർഡർ, ആർഡർ. പോലീസ് അതിനുള്ളതാണു്. നിയമസമാധാനം പാലിക്കാൻ പോലീസുണ്ട്. അതു് അവർ നോക്കിക്കൊള്ളും.

3. CALLING ATTENTION UNDER RULE 61

SATYAGRAHA BY A BATCH OF STUDENTS OF THE SCHOOLS FOR THE BLIND, DEAF AND DUMB IN FRONT OF THE SECRETARIAT

ഡെപ്യൂട്ടി സ്പീക്കർ: കേരളത്തിലെ അന്ധവിദ്യാർത്ഥികൾ ചില അടിയന്തിരാവശ്യങ്ങൾക്കു വേണ്ടി നടത്തിവരുന്ന സത്യാഗ്രഹംമൂലം ഉളവായിരിക്കുന്ന ഗുരുതരാവസ്ഥ ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്താൻ സർവശ്രീ ടി. എം. മീതിയൻ, എൻ. കെ. ശേഷൻ, എ. എസ്. എൻ. നമ്പീശൻ എന്നിവർ റൂൾ 61 അനുസരിച്ചു് നോട്ടീസ് നൽകിയിട്ടുണ്ട്.

ശ്രീ. ടി. എം. മീതിയൻ : കേരളത്തിലെ അന്ധവിദ്യാലയത്തിൽ പഠിക്കുന്ന അന്ധവിദ്യാർത്ഥികൾ ഏതാനും ദിവസമായി സെക്രട്ടേറിയറ്റിനുമുൻപിൽ ഒരു സമരം നടത്തിക്കൊണ്ടിരിക്കുകയാണു്. അവർ ഈ സമരം നടത്തുന്നതു് വളരെ നീതിയുക്തമായ ആവശ്യങ്ങൾ സാധിക്കുന്നതിനുവേണ്ടിയാണു്. ജീവിതത്തിനു് മറ്റു യാതൊരുവിധ സൗകര്യവുമില്ലാത്ത ഒരു വിഭാഗമാണിതു്. അവർക്കു കിട്ടിക്കൊണ്ടിരിക്കുന്ന മെസ്സു് ആനുകൂല്യങ്ങളും മറ്റും വളരെ ഉച്ച

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. എം. മീതിയൻ]

മായ വിധത്തിലുള്ളതാണു്. അതുകൊണ്ടു് അവർക്കു ജീവിക്കാൻ നിവൃത്തി യില്ലാത്ത അവസ്ഥയാണുള്ളതു്. അതുകൊണ്ടു് അവരുടെ മെസ്സു് അലവൻസു് വർദ്ധിപ്പിക്കുക എന്നതു് ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരാവശ്യമാണു്. അതു പോലെ അവർക്കു് വിദ്യാഭ്യാസം ചെയ്തുകഴിഞ്ഞാൽ തൊഴിൽ ലഭിക്കു ന്നില്ല. തൊഴിൽ ലഭിക്കാൻ അവർക്കു് മുൻഗണന കൊടുക്കണമെന്നാവശ്യ പ്പെട്ടിട്ടുണ്ടു്. ഇങ്ങനെയുള്ള ചില അടിയന്തിരാവശ്യങ്ങളാണു് ഈ വിദ്യാർത്ഥി കളെ സമരത്തിലേക്കു് എത്തിച്ചിട്ടുള്ളതു്. മറ്റാരുടെയെങ്കിലും സഹായമി ല്ലാതെ സെക്രട്ടേറിയറ്റിന്റെ വാതിൽക്കലേക്കു വരാൻപോലും കഴിയാത്ത ഈ വിദ്യാർത്ഥികളെ സമരത്തിലേക്കു തള്ളിവിട്ടതു് ശരിയല്ല. ഇന്നു് മറ്റു് ഏതു വിഭാഗത്തെക്കാളും ഈ വിഭാഗത്തിന്റെ അവശതകളും പരിഹരിക്കുന്ന കാര്യത്തിനു മുൻഗണന നൽകിക്കൊണ്ടു് ബഹുമാനപ്പെട്ട മന്ത്രി അവരെ വിളിച്ചു് അവരുടെ ഒരു കാൺഫറൻസു് നടത്തി അവരുടെ അവശതകളും പരിഹരിക്കുകയും സമരം അവസാനിപ്പിക്കുകയും ചെയ്യണമെന്നു് അഭ്യർത്ഥി ക്കുകയാണു്.

ശ്രീ. സി. എച്ചു്. മുഹമ്മദുകോയ : സെക്രട്ടേറിയറ്റിന്റെ മുൻപിൽ നട ക്കുന്ന മറ്റു പല സമരങ്ങളെയുംപോലെ, നീതിയുക്തമായ ആവശ്യങ്ങൾക്കു വേണ്ടിയുള്ള സമരമാണു് അന്ധവിദ്യാർത്ഥികളും നടത്തിക്കൊണ്ടിരിക്കു ന്നതു്. നമ്മുടെ രാജ്യത്തിലെ നിർഭാഗ്യവാന്മാരായ അന്ധന്മാർ വളരെ അവശതകളും അനുഭവിക്കുന്നവരാണെന്നും അവരുടെ അവശതകൾക്കു് മാതൃകാ പരമായ രീതിയിൽ പരിഹാരം കാണണമെന്നും ഉള്ള കാര്യത്തിൽ എനിക്കു യോജിപ്പാണുള്ളതു്. ലോകത്തു് ആകെയുള്ള അന്ധന്മാരിൽ കാര്യമായ ഒരു ശതമാനം ഇൻഡ്യക്കാരാണെന്നു ഒരു രാഷ്ട്രാന്തരീയ സമ്മേളനത്തിൽ പ്രസ്താ വിച്ചതായി ഞാൻ വായിക്കുകയുണ്ടായി. അന്ധവിദ്യാർത്ഥികൾക്കു് മെസ്സു് അലവൻസു്, ട്രൂസ്സു് അലവൻസു്, മുതലായ വിദ്യാഭ്യാസാനുകൂല്യങ്ങൾക്കു പുറമെ കോളേജു് വിദ്യാഭ്യാസത്തിനു് ആനുകൂല്യം നൽകുക തുടങ്ങി വളരെ സാമ്പത്തികബാദ്ധ്യതയുള്ള ആവശ്യങ്ങളാണു് ഉന്നയിച്ചിരിക്കുന്നതു്. അന്ധ വിദ്യാർത്ഥികളും മാത്രമല്ല, നമ്മുടെ നാട്ടിൽ അവശരായ മറ്റനവധി ആളുകളും ഉണ്ടു്. അനാഥ ബാലന്മാർക്കു് പതിനഞ്ചു രൂപയോളം വരുന്ന വളരെ തുച്ഛ മായ അലവൻസാണു് വിദ്യാഭ്യാസം വസ്ത്രം മുതലായ ആവശ്യങ്ങൾക്കു നൽകുന്നതു്. ഹോസ്റ്റലുകളിൽ ഗവണ്മെന്റു് നൽകുന്ന അലവൻസു് മതിയാകുകയില്ല. അവരെല്ലാം സമരം ഇപ്പോൾ നടത്തുന്നില്ലെങ്കിലും സമരം നടത്താനുള്ള സാദ്ധ്യതയുണ്ടു്. ഗവണ്മെന്റു് ഇതുമാതിരിയുള്ള കാര്യങ്ങൾ ചെയ്യുമ്പോൾ രണ്ടു കാര്യം ആലോചിക്കണം. ഒന്നു്, ഇതിനു് ആകെ എത്ര മാത്രം സാമ്പത്തിക ബാധ്യത വരും. മറ്റൊന്നു്, ഒരു വിഭാഗം ആളുകൾക്കു് അലവൻസു് വർദ്ധിപ്പിക്കുമ്പോൾ അതിനോടനുബന്ധിച്ചു് വേറെ എന്തൊക്കെ ഡിമാൻഡുകൾ വരും. ഇതൊക്കെ നോക്കാതെ ആവശ്യങ്ങൾ അനുവദിച്ചു കൊടുക്കാൻ നിർവാഹമില്ല. അന്ധരും അശരണരും ആയവരോടു് അനുഭാവ മില്ലാത്തതുകൊണ്ടല്ല ഇതു പറയുന്നതു്. അവരോടു് സംസാരിക്കണ മെന്നും വസ്തുതകൾ മനസ്സിലാക്കണമെന്നുമുള്ള ബഹുമാനപ്പെട്ട മെമ്പറുടെ അഭി പ്രായത്തെ ആദരിച്ചു് ഇന്നലെത്തന്നെ വിദ്യാർത്ഥികളെ വിളിക്കുകയും ഗവ ണ്മെന്റിന്റെ പ്രയാസങ്ങൾ അവരെ പറഞ്ഞു മനസ്സിലാക്കുകയും ചെയ്തു. ആ പ്രയാസങ്ങളുടെ മദ്ധ്യത്തിൽ നിന്നുകൊണ്ടു് സ്കോളർഷിപ്പു് കൊടു ക്കാൻ കഴിയുമോ, കൂടുതൽ പഠിക്കാൻ സാധ്യതയുള്ള വിദ്യാർത്ഥികൾക്കു് എത്രമാത്രം സ്കോളർഷിപ്പു് കൊടുക്കാൻ കഴിയും, ബോർഡിംഗ് അല വൻസു് എത്രമാത്രം വർദ്ധനവുണ്ടാക്കാൻ കഴിയും എന്നൊക്കെ പരിശോധി ക്കുന്നതാണെന്നും പറഞ്ഞിട്ടുണ്ടു്. അതിന്റെ അടിസ്ഥാനത്തിൽ അവർ സമരം മതിയാക്കുമെന്നാണു് വിശ്വസിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ എം. എം. തോമസ് : സർ മലയാളികളെ ഗ്രഡല്ലൂരിൽ നിന്നും ഒഴിപ്പിക്കുന്നതു സംബന്ധിച്ച് എന്തു നടപടി എടുത്തുവെന്നറിഞ്ഞാൽ കൊള്ളാം.

ശ്രീമതി കെ. ആർ. ഗൗരി : തമിഴ്നാട് ഗവണ്മെൻറിലേക്കു് എഴുതാമെന്നു പറഞ്ഞിരുന്നതു പോലെ എഴുതി. ആദ്യമേ എഴുതി, ഇന്നലെ വീണ്ടും എഴുതി. അവിടത്തെ റവന്യൂ സെക്രട്ടറിയെ കണ്ടു സംസാരിച്ചു. പുതിയ ആളുകളെ ആണു് ഒഴിപ്പിക്കുന്നതെന്നു് അവിടെനിന്നും മറുപടി വന്നു. അങ്ങനെയല്ല അതിനെപ്പറ്റി അന്വേഷിക്കണമെന്നു കാണിച്ചു് ഇന്നലെ ശ്രീ കരുണാനിധിക്കു് വീണ്ടും എഴുതിയിട്ടുണ്ടു്.

Mr. Deputy Speaker : Now we will pass on to Legislative Business.

4. LEGISLATIVE BUSINESS

KERALA LAND REFORMS (AMENDMENT) BILL 1968

Mr. Deputy Speaker : Now we will take up clause by clause consideration of the Bill.

Clause 2

Mr. Deputy Speaker : There are several amendments to Clause 2. For convenience, we can take up amendments to sub-clauses separately.

ശ്രീമതി കെ. ആർ. ഗൗരി : സർ, ഓരോ സബ് ക്ലാസിനുമുള്ള ഭേദഗതികളും ഒരുമിച്ചു മൂവു ചെയ്തിട്ടു സംസാരിക്കുന്നതു സൗകര്യമായിരിക്കും.

ഡെപ്യൂട്ടി സ്പീക്കർ : ഓരോ സബ് ക്ലാസിനുമുള്ള ഭേദഗതികളും അവതരിപ്പിച്ചിട്ടു് വോട്ടിനിടാം.

Clause 2

Smt. K. R. Gouri : Sir, I move :

(1) In clause 2, after clause (a), the following clause shall be inserted, namely :—

" (aa) after sub-section (2), the following clause shall be inserted, namely :—

'(2A) "appellate authority" means an appellate authority constituted under section 99-A ;'."

സർ, ഈ ബില്ലിൽ പ്രത്യേകം ഒരു അപ്പലേറ്റ് അതോറിട്ടി ഉള്ളതുകൊണ്ടു അപ്പലേറ്റ് അതോറിട്ടിക്കു ഒരു ഡഫനിഷൻ ആവശ്യമാണു്. സഭ ഇതു അംഗീകരിക്കുമെന്നു വിശ്വസിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഒരു സംശയം. അങ്ങനെ നിർവ്വചനം കൊടുത്തില്ലെങ്കിൽതന്നെ ഇതു വ്യക്തമാകുകയില്ലേ. 99 (എ)-യിൽ വ്യക്ത

LIBRARY ARCHIVES Kerala Legislative Assembly